(സി) ഈ തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാല താമസത്തിന് കാരണമെന്ത്?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) 24-4-1995-ലെ മന്ത്രിസഭായോഗം കേരള സ്റ്റേറ്റ് ആൻറ് സബോർഡിനേറ്റ് സർവീസ് റൂൾസിലെ പട്ടികയിലുള്ള ലിസ്റ്റ് III-ൽ (ഏ.ബി.സി.) ''ഈഴവ''രോടൊപ്പം ''ഈഴുവൻ'' തുടങ്ങിയ വിഭാഗങ്ങളെ ബ്രാക്കറ്റിൽ ചേർത്ത് ലിസ്റ്റ് ഭേദഗതി ചെയ്യുന്നതിന് പബ്ലിക് സർവീസ് കമ്മീഷന്റെ ഉപദേശം ആരായാൻ തീരുമാനിച്ചു. (സ്റ്റേറ്റ് ആൻറ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് പബ്ലിക് സർവീസ് കമ്മീഷന്റെ അനുമതി ആവശ്യമാണ്.) ഇക്കാര്യത്തിൽ കമ്മീഷന്റെ ഉപദേശം ആരാഞ്ഞിരിക്കുകയാണ്. കമ്മീഷനിൽനിന്ന് മറുപടി ലഭിച്ചിട്ടില്ല.

സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതിന് നടപടി

8 [1089] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) എ-യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ തൽക്കാലം നടപടികളൊന്നും തുടരുന്നില്ല.

സർക്കാർ ജീവനക്കാർക്ക് ഫുൾ പെൻഷൻ ലഭിക്കുന്നതിന് കാലയളവ്

9 [1090] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് ഫുൾ പെൻഷൻ ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള കാലയളവ് കുറയ്ക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എത്ര വർഷമായി കുറവു ചെയ്യുന്നതിനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly